# വാഹനാപകട നഷ്ടപരിഹാരം: ദമ്പതിമാരിൽ വരുമാനമില്ലാത്തയാൾ മരിച്ചാൽ മറ്റേയാളുടെ വരുമാനത്തിന്റെ മൂന്നിലൊന്ന് മരിച്ചയാളുടെ വരുമാനമായി കണക്കാക്കണം

## കേരള ഹൈക്കോടതി

M.A.C.A. No. 2137/2009 Dt. 2.3.2020

സിജോ ജോസ് X രാജേന്ദർ കുമാർ സൈനി

കേന്ദ്ര സർക്കാരിന്റെ കൊച്ചിയിലുള്ള ഒരു ഓഫീസിൽ ഹെഡ് ക്ലർക്കായി ജോലി ചെയ്യുകയായിരുന്ന ജോസ് എന്നയാളുടെ പത്നി സാന്റയും മകനും മകന്റെ പത്നിയും 2001–ൽ ഒരു ദിവസം മാരുതി കാറിൽ യാത്ര ചെയ്തുകൊണ്ടിരിക്കെ എതിർ ദിശയിൽ നിന്ന് അശ്രദ്ധമായി ഓടിച്ചു വന്ന മിനിലോറി കാറുമായി നേർക്കുനേർ കൂട്ടിയിടിച്ചു. അപകടത്തിൽ മാരുതി കാർ തകർന്നു പോകുകയും മൂന്ന് യാത്രികരും തൽക്ഷണം മരണമടയുകയും ചെയ്തു. മരിച്ച സാന്റയുടെ മൂന്ന് മക്കൾ നഷ്ടപരിഹാരമാവശ്യപ്പെട്ട് മോട്ടോർ ഏക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണൽ മുമ്പാകെ അപേക്ഷ നല്കി. രണ്ടര ലക്ഷം രൂപയാണ് അവർ നഷ്ടപരിഹാരമായി ആവശ്യപ്പെട്ടത്. മരിച്ചയാൾക്ക് വരുമാനമുള്ള ജോലിയില്ലാതിരുന്നതിനാൽ പ്രതിമാസ വരുമാനം വെറും 1250 രൂപ എന്ന് കണക്കാക്കിയ ട്രൈബ്യൂണൽ മൊത്തം 1,05,100 രൂപ മിനിലോറിയുടെ ഇൻഷുറൻസ് കമ്പനി മരിച്ചയാളുടെ ആശ്രിതർക്ക് നല്കണമെന്ന് വിധിച്ചു. ഇതിനെതിരെ മരിച്ചയാളുടെ ആശ്രിതരായ മക്കൾ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. നഷ്ടപരിഹാര തുക വളരെ ശുഷ്കമായിപ്പോയിയെന്ന് ആരോപിച്ച ആശ്രിതർ നഷ്ടപരിഹാര തുക വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. സാന്റ മരിച്ച സമയത്ത് അവരുടെ ഭർത്താവ് കേന്ദ്ര സർക്കാർ ഓഫീസിൽ ക്ലർക്കായി ജോലി ചെയ്യുകയായിരുന്നുവെന്നും പ്രതിമാസ വേതനം 10,051 രൂപയായിരുന്നുവെന്നും അത് കണക്കിലെടുത്ത് നഷ്ടപരിഹാര തുക കണക്കാക്കണമെന്ന് അപ്പീൽ ഹർജിക്കാർ വാദിച്ചു. ദമ്പതിമാരിൽ വരുമാനമില്ലാത്തയാൾ മരിച്ചാൽ ജീവിച്ചിരിക്കുന്ന മറ്റേ ദമ്പതിയുടെ വരുമാനത്തിന്റെ മൂന്നിലൊന്ന് തുക മരിച്ച ദമ്പതിയുടെ വരുമാനമായി കണക്കാക്കണമെന്ന വ്യവസ്ഥയനുസരിച്ചാണ് നഷ്ടപരിഹാരം നിർണ്ണയിക്കേണ്ടതെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. അതനുസരിച്ച് 2,66,666 രൂപ നഷ്ടപരിഹാരമായി ലഭിക്കാൻ അപ്പീൽ ഹർജിക്കാർക്ക് അവകാശമുണ്ടെന്ന് ഹൈക്കോടതി വിലയിരുത്തി. ട്രൈബ്യൂണൽ വിധിച്ച തുക കഴിച്ച് ബാക്കിയുള്ള തുക മിനി ലോറിയുടെ ഇൻഷുറൻസ് കമ്പനി 8% പലിശയോടുകൂടി ആശ്രിതർക്ക് നല്കണമെന്ന് വിധിച്ച ഹൈക്കോടതി ആശ്രിതരുടെ അപ്പീൽ അനുവദിച്ചു.